**ആയുർവേദിക് പ്രൊപ്രൈറ്ററി മെഡിസിൻ**

INTAS

# തൈമോടാസ്

## 12.5 mg

ഉൽപന്ന വിവരണം

പേറ്റന്റ് ലഭിച്ച തൈമോകിനോൻ എന്ന സുസ്ഥിരവും വ്യവസ്ഥാപിതവും ഉപയോഗസജ്ജവുമായ ഒരു ഗവേഷണ ഔഷധരൂപ ടാബ്ലറ്റാണ് തൈമോറ്റാസ്, ലോകത്താദ്യമായി ഇന്റാസ് ആണ് ഇത് വികസിപ്പിച്ചെടുത്തത്.

ഒരുപാട് രോഗങ്ങളുടെ ചികിത്സയ്ക്ക് Nigella Sativa പല രൂപങ്ങളിൽ ഉപയോഗിക്കാറുണ്ട്. ആസ്തമ, രക്തസമ്മർദ്ദം, പ്രമേഹം, വീക്കം,ചുമ,ബ്രോങ്കൈറ്റിസ്,തലവേദന,എക്സിമ,പനി,തലകറക്കം,ഇൻഫ്ലുവെൻസ എന്നിവ അവയിൽ ഉൾപ്പെടുന്നു. അതിന്റെ ഒട്ടുമിക്ക ഔഷധഗുണ പ്രത്യേകതകളും, Nigella Sativa ലെ ഏറ്റവും സമൃദ്ധ ഘടകമായ തൈമോകിനോനിൽ അടങ്ങിയിട്ടുണ്ട്.




രൂപം: തൈമോകിനോനിന്റെ രാസഘടന

**ശാസ്ത്രീയ ഗവേഷണങ്ങളും ഔഷധവീര്യ ഗുണങ്ങളും**

തൈമോകിനോനിനെ കുറിച്ച് ധാരാളം ശാസ്ത്രീയ പ്രസിദ്ധീകരണങ്ങളുണ്ട്.അതിന്റെ വൈറസ് വിരുദ്ധ,ബാക്ടീരിയ വിരുദ്ധ,ഓക്സിഡന്റ് വിരുദ്ധ,വീക്ക പ്രതിരോധ സവിശേഷതകളും കൂടാതെ പല ഗുണങ്ങൾക്കു പുറമെ പ്രമേഹം,അർബുദം,കരൾവീക്കം എന്നിവ ചെറുക്കാനുള്ള അതിന്റെ ശേഷിയും ഗവേഷണ വിധേയമാക്കിയിട്ടുണ്ട്.

**വൈറസ് വിരുദ്ധ ഗുണങ്ങൾ:**

രോഗം ബാധിച്ച എലികളുടെ പ്ലീഹയിലും കരളിലും മ്യൂറിൻ സൈറ്റോമെഗാലോ വൈറസിന്റെ (CMV) ആവർത്തനം സംഭവിക്കുന്നത് തൈമോകിനോൻ ചെറുക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.അതിനെല്ലാം പുറമെ തൈമോകിനോൻ ഉപയോഗിച്ചുള്ള ചികിത്സ, സിറം ഇന്റർഫെറോൺ -γ (IFN-γ) ന്റെ അളവും CD4+ T സെല്ലുകൾ,മാക്രോഫേജുകൾ എന്നിവയുടെ എണ്ണവും വർദ്ധിപ്പിക്കുകയുണ്ടായി.ഹെപറ്റൈറ്റിസ് -സി (HCV) ബാധിച്ച രോഗികളുടെ ചികിത്സയിൽ ചുവന്ന രക്താണുക്കളുടെ എണ്ണം, ആന്റി-ഓക്സിഡന്റ് പ്രക്രിയ എന്നിവയുടെ തോത് വർദ്ധിക്കുകയും പ്രോട്ടീനിന്റെ അളവ്, വൈറസിന്റെ ബാഹുല്യം എന്നിവ കുറയുകയും ചെയ്തു.തൈമോകിനോൻ,കുർകുമിൻ എന്നിവയുടെ ഒരു ചേരുവ, ഏവിയൻ ഇൻഫ്ളുവെൻസ വൈറസിനെതിരെ (H9N2) ഒരു സംയുക്ത ഗുണഫലം ഈയ്യിടെ ടർക്കി കോഴികളിൽ പ്രകടമാക്കുകയുണ്ടായി.സർവ്വോപരി ഈ സങ്കരരൂപം തുർക്കി കോഴികളുടെ വൈറസ് വിരുദ്ധ രോഗപ്രതിരോധ പ്രതികരണത്തെ അധികരിപ്പിക്കുകയും ചെയ്തു.എപ്സ്റ്റീൻ- ബാർ വൈറസ് (EBV) അണുബാധയേറ്റ കോശങ്ങളുടെ അതിജീവനത്തെ തൈമോകിനോൻ തടയുന്നതായും പഠനങ്ങൾ കാണിക്കുന്നു.

**ബാക്ടീരിയ വിരുദ്ധ ഗുണം:**

ഒരുപാട് ഗ്രാം-പോസിറ്റീവ്,ഗ്രാം-നെഗറ്റീവ് ബാക്ടീരിയ ഇനങ്ങൾക്കെതിരെ വിപുലമായ ആന്റി-ബാക്ടീരിയ ഫലങ്ങൾ ഇത് പ്രകടമാക്കിയിട്ടുണ്ട്.ബാസിലസ് സിറിയസ്, േ ഓറിയസ്, S എപ്പിഡെർമിഡിസ് Sപാലുള്ള ഗ്രാം പോസിറ്റീവ് ബാക്ടീരിയയ്ക്ക് ഇത് ഹാനിവരുത്തുമെന്ന് കണ്ടിട്ടുണ്ട്.ഇതിനുപുറമെ മെഥിസിലിൻ-റെസിസ്റ്റന്റ് സ്റ്റാഫിലോകോക്കസ് ഓറിയസിനെതിരെ (MRSA) പ്രവർത്തിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. S ഓറിയസ്, S എപ്പിഡെർമിഡിസ്,എന്ററോകോക്കസ് ഫീക്കാലിസ്, P ഏറുജിനോസ എന്നിവ ഉൾപ്പെടുന്ന ചില ബാക്ടീരിയകളിൽ ബയോഫിലിം രൂപപ്പെടുന്നതിനെ തൈമോകിനോൻ വളരെ ഫലവത്തായി ചെറുക്കുമെന്ന് കാണപ്പെടുന്നു.ഔഷധ സംവേദനമുള്ളതും അതുപോലെ ഔഷധത്തെ ചെറുക്കുന്നതുമായ M ട്യൂബർകുലോസിസിന് തൈമോകിനോൻ ഒരു പ്രബല ഔഷധമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

**വീക്ക പ്രതിരോധ ഗുണങ്ങൾ:**

വീക്കത്തിനെതിരെ തൈമോകിനോൻ അത്ഭുതകരമായി പ്രവർത്തിക്കുമെന്നും വിവിധ സ്ഥലങ്ങളെ അത് ലക്ഷ്യമാക്കുമെന്നും വിശേഷിപ്പിക്കപ്പെടുന്നു.ട്യൂമർ നെക്രോസിസ് ഫാക്ടർ (TNF),ഇൻഡ്യൂസിബ്ള് NOS, COX-2, 5-ലിപോക്സിജെനേസ്,സിക്ലിൻ D1പോലുള്ള പ്രോ-ഇൻഫ്ളമേറ്ററി,പ്രോലിഫറേറ്റീവ് മീഡിയേറ്ററുകളുടെ പ്രവർത്തനക്ഷമതയെ തൈമോകിനോൻ അസ്ഥിരമാക്കുമെന്ന് കാണപ്പെടുന്നു. ട്രാൻസ്ക്രിപ്ഷൻ ഫാക്ടറായ ന്യൂക്ലിയർ ഫാക്ടർ കപ്പ (NF-κB), Akt എന്നിവയുടെ ഉത്തേജനത്തെയും കൂടാതെ എക്സ്ട്രാ സെല്ലുലാർ സിഗ്നൽ റെഗുലേറ്റഡ് കിനേസിന്റെ (ERK) സിഗ്നലിംഗ് രീതികളെയും അത് തടയും. NF-κB യുടെ പ്രവർത്തനക്ഷമത തടയുന്നതിലൂടെ വീക്കം,വ്യാപനം, ആക്രമണം,ട്യൂമർ കോശ അതിജീവനം,ആഞ്ജിയോജെനേസിസ് എന്നിവയെ ഫലപ്രദമായി ചെറുക്കുന്ന ഒരു പ്രതിരോധമായി തൈമോകിനോൻ അറിയപ്പെടാൻ ഇടയാക്കുന്നു.

**ആന്റി-ഓക്സിഡന്റ് ഗുണങ്ങൾ:**

ആനയോൺ, ROS (പ്രതിപ്രവർത്തിക്കുന്ന ഓക്സിജൻ ഇനങ്ങൾ) എന്നിവയെ ശുദ്ധീകരിക്കുന്നതിലൂടെ തൈമോകിനോൻ പ്രബലമായ ഒരു ആന്റി-ഓക്സിഡന്റായി പ്രവർത്തിക്കുന്നു.ഇസ്കീമിയ സംബന്ധമായ പരിക്ക് അവസ്ഥകളെ ഭേദമാക്കാനും കുടൽ,ഹൃദയം,വൃക്ക എന്നിവയിലെ ROS കുറയ്ക്കാനും അതിന് സാധിക്കും.ഓക്സിഡേറ്റീവ് സ്ട്രെസ്സ് സാഹചര്യങ്ങളിൽ ഒന്നിലേറെ അവയവങ്ങൾക്ക് ഉണ്ടായ വിഷലിപ്തത മെച്ചപ്പെടുത്താനും അതിനു കഴിയും.സെല്ലിന്റെ ആന്റി-ഓക്സിഡന്റ് സംവിധാനത്തിലെ ഫ്രീറാഡിക്കലുകളിൽനിന്ന് സംരക്ഷണം നൽകുന്ന നിരവധി എൻസൈമുകളുടെ പ്രവർത്തനത്തെ അത് സ്വാധീനിക്കുന്നു.ലിപിഡ് പെറോക്സിഡേഷന്റെ വർദ്ധിതമായ അളവ് തൈമോകിനോൻ ശമിപ്പിക്കുന്നതിലൂടെ മലോൺഡൈആൽഡിഹൈഡിന്റെ (MDA) അളവ് കുറയുന്നു,ഇത് അതിന്റെ പ്രബലമായ ആന്റി-ഓക്സിഡന്റ് കഴിവായി വിശേഷിപ്പിക്കപ്പെടുന്നു.തൈമോകിനോനിലെ കിനോൻ ഘടനയ് ക്ക് അതിന്റെ ആന്റി-ഓക്സിഡന്റ് ശേഷിയുമായി ബന്ധപ്പെട്ട റിഡോക്സ് ഗുണങ്ങളുണ്ട്.ഇതിനെല്ലാം പുറമെ മോർഫോഫിസിയോളജിക്കൽ പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള അതിന്റെ അളവറ്റ കഴിവ് ഉപകോശ കലകളിലേക്ക് അനായാസം കടന്നുചെന്ന് റാഡിക്കലുകളെ ശുദ്ധീകരിക്കാൻ അതിനെ പ്രാപ്തമാക്കുന്നു.

Front Side

**പ്രമേഹത്തെ ചെറുക്കാനുള്ള കഴിവുകൾ:**

ഓക്സിഡേറ്റീവ് സ്ട്രെസ്സ് കാരണമായി ഉണ്ടാകുന്ന തകരാറുകളിൽനിന്ന് പാൻക്രിയാസിന്റെ βസെല്ലുകളെ സംരക്ഷിക്കുകയും ഹെപാറ്റിക് ഗ്ലൂക്കോനിയോജെനേസിസ് കുറയ്ക്കാനും തൈമോകിനോൻ വളരെ ഫലപ്രദമാണ്.

ഇൻസുലിൻ പ്രതിരോധം,പ്രോട്ടീൻ ഗ്ലൈക്കേഷൻ,ഡയബെറ്റിക് നെഫ്രോപതി എന്നിവ അത് തടയുന്നു കൂടാതെ ഒരുപാട് ഇതര ആന്റി-ഡയബെറ്റിക് സവിശേഷതകളും അതിനുണ്ട്. ആന്റി-ഓക്സിഡന്റ് പ്രവർത്തനം,സൈറ്റോപ്രൊട്ടക്ടീവ് പ്രവർത്തനം, ഇമ്മ്യൂണോ മോഡുലേറ്റിംഗ് പ്രവർത്തനം എന്നിങ്ങനെയുള്ള തൈമോകിനോൻ പ്രവർത്തനങ്ങൾക്ക് പ്രമേഹവും അതിന്റെ സങ്കീർണ്ണതകളും ചികിത്സിക്കുന്നതിൽ ഔഷധഗുണ സംബന്ധമായ പ്രസക്തിയുണ്ട്.

**അർബുദത്തെ ചെറുക്കാനുള്ള കഴിവുകൾ:**

PTEN (ഫോസ്ഫറ്റേസും ടെൻസിൻ ഹോമോലോഗും) ജീൻ, സൈക്ലിൻ ഡിപെൻഡന്റ് കിനേസ് ഇൻഹിബിറ്റർ എന്നിവയുടെ അപ്റെഗുലേഷനിലൂടെ അർബുദം ബാധിച്ച സെല്ലുകളിൽ അപോപ്ടോസിസിന്റെ ഉത്തേജനത്തിലും അതുപോലെ സെൽ സൈക്കിൾ അറസ്റ്റിലും തൈമോകിനോൻ പ്രധാന പങ്ക് വഹിക്കുന്നു. എണ്ണമറ്റ ക്യാൻസർ ബാധിത കോശങ്ങളുടെ അതല്ലെങ്കിൽ ക്യാൻസർ വളർച്ചയുടെ പ്രതിരോധത്തിനു വേണ്ടി തൈമോകിനോനിന്റെ നൂതനമായ തൻമാത്ര അധിഷ്ഠിത രീതി എന്നത്, പ്രൊട്ടീൻ കിനേസ്, NF-κB,ആഞ്ജിയൊജെനേസിസ്,ട്യൂമെറിജെനേസിസ് എന്നിവയുടെ ഒരു ക്രമീകരണമാണ്. ക്യാൻസർ തടയുന്നതിൽ തൈമോകിനോനിന്റെ സാദ്ധ്യത വിലയിരുത്താൻ മൃഗങ്ങളിൽ എണ്ണമറ്റ പഠന മാതൃകകളും ലബോറട്ടറി ഗവേഷണവും നിർവ്വഹിച്ചിട്ടുണ്ട്.

**കരൾവീക്കം തടയാനുള്ള കഴിവുകൾ:**

കരൾവീക്കം ചെറുക്കാനുള്ള തൈമോകിനോണിന്റെ പ്രവർത്തനം ആഴത്തിൽ പഠനവിധേയമാക്കിയിട്ടുണ്ട്.ഹെപറ്റോടോക്സിസിറ്റി,കരൾ രോഗങ്ങൾ എന്നിവയ്ക്ക് ഒരു മികച്ച സ്വാഭാവിക പ്രതിരോധ ഉപായമാണ് അതെന്ന് മൃഗങ്ങളിൽ നടത്തിയ പരീക്ഷണങ്ങളിൽ നിന്ന് കണ്ടെത്തി.തൈമോകിനോണിന്റെ ആന്റി-ഓക്സിഡന്റ് ശേഷി ഹെപറ്റൈറ്റിസ് സംരക്ഷണത്തിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് കണ്ടെത്തുകയുണ്ടായി. അതിനാൽ,ഒരുപാട് വിഷമയമായ പ്രേരകങ്ങളിൽനിന്നും ഔഷധങ്ങളിൽനിന്നും കരളിനെ സംരക്ഷിക്കാനും കൂടാതെ കരൾ രോഗങ്ങൾക്കുള്ള ചികിത്സയ്ക്കും ഫലപ്രദമായ ഒരു സ്വാഭാവിക ഔഷധമാണ് തൈമോകിനോൺ.

**തൈമോറ്റാസിന്റെ ഡോസ്ഃ**

ആണ് തൈമോറ്റാസിന്റെ ശുപാർശ ചെയ്യുന്ന ഡോസ് ഭക്ഷണം കഴിച്ചതിന് ശേഷം അല്ലെങ്കിൽ ഡോക്ടർ നിർദ്ദേശിച്ച പ്രകാരം പ്രതിദിനം 12.5 മില്ലിഗ്രാം ആണ്. അത്, ചവയ്ക്കുകയോ പൊട്ടിക്കുകയോ ചെയ്യാതെ മൊത്തത്തിൽ വിഴുങ്ങണം.

**മുൻകരുതലുകൾ:**

ഗർഭിണികളോ മുലയൂട്ടുന്ന സ്ത്രീകളോ ഇത് ഉപയോഗിക്കരുത്.കുട്ടികളിൽ ഇതിന്റെ ഫലവും സുരക്ഷിതത്വവും പഠന വിധേയമാക്കിയിട്ടില്ല.

**സുരക്ഷിതത്വം:**

തൈമോകിനോണിന്റെ ശാസ്ത്രീയമായ മൂല്യം ദശാബ്ദങ്ങളായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്,അതിന്റെ പൈതൃകമായ സുരക്ഷിതത്വം നിരവധി പ്രസിദ്ധീകരണങ്ങളിലൂടെ തെളിയിക്കപ്പെട്ടതുമാണ്.ആരോഗ്യമുള്ള ആളുകൾ ഒറ്റ ഡോസിൽ 1000 mg വരെ അഡ്മിനിസ്റ്റർ ചെയ്തിട്ടുണ്ട്.മൂന്ന് മാസങ്ങളോളം ദിവസവും 100 mg വരെ പ്രമേഹ രോഗികൾ സുരക്ഷിതമായി ഇത് അഡ്മിനിസ്റ്റർ ചെയ്തിട്ടുണ്ട്.ചില ആളുകൾക്ക് തൈമോകിനോൺ ഉയർന്ന ഡോസിൽ കഴിക്കുന്നത് നിമിത്തം ഉദരസംബന്ധമായ അസ്വസ്ഥത,വയറിളക്കം തുടങ്ങിയവ ഉണ്ടായേക്കാം.ഇതുപക്ഷേ ലഘുവായതും അൽപനേരത്തേക്ക് മാത്രം സംഭവിക്കുന്നതുമാണ്.

**സൂക്ഷിപ്പ്:**

25°C ൽ താഴെ സംഭരിച്ച് സൂക്ഷിക്കുക

**അവതരണം:**

30 ടാബ്ലെറ്റുകൾ ഉള്ള ഒരു കുപ്പിയിൽ തൈമോറ്റാസ് 12.5 mg ലഭിക്കുന്നതാണ്.

Manufactured by:

INTAS

***INTAS PHARMACEUTICALS LTD.***

Plot No. 457, 458, Sarkhej - Bavla Road, Vill: Matoda,
Ta: Sanand, Dist: Ahmedabad-382 210. India
Customer Care: +91 079 6157 7000
Email: thymotas@intaspharma.com

INP011
10 4807 0 6005082

Back Side